# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമണ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി10 - 604/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/09/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമണ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി10 - 604/2021 തീയ്യതി: 30/09/2021

## പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 06-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-08-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഹരികുമാർ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ( 24.8.2021 മുതൽ 31.8.2021 വരെ)
ശ്രീമതി. ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ.ബി, സീനി. ഗ്രേഡ് ഓഡിറ്റർ (9.8.2021 മുതൽ 17.8.2021 വരെ)
ശ്രീ. ഹരികുമാർ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 14-04-2020 |
| ശ്രീമതി. ബിന്ദു. വി | സെക്രട്ടറി | 15-04-2020 | 04-10-2020 |
| ശ്രീ.അനിൽകുമാർ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2020 | 30-10-2020 |
| ശ്രീമതി ബിന്ദു. വി | സെക്രട്ടറി | 31-10-2020 | 27-12-2020 |
| ശ്രീ.അനിൽകുമാർ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 14-02-2021 |
| ശ്രീമതി വി.എൻ.അനിൽ | സെക്രട്ടറി | 15-02-2021 | 02-03-2021 |
| ശ്രീമതി. കൃഷ്ണകുമാരി.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |
| ശ്രീമതി. കുഞ്ഞന്നാമ്മ കുഞ്ഞ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണസമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. കെ.കെ.ശ്രീധരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ കുമാർ.ജി | അസി.സെക്രട്ടറി | 01-04-2020 | 14-03-2021 |
| ശ്രീമതി. കൃഷ്ണകുമാരി ബി | അസി.സെക്രട്ടറി | 15-03-2021 | 31-03-2021 |
| ശ്രീമതി. ദീപ്തി എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| | | 01-10-2020 | 31-03-2021 |
| ശ്രീമതി. റജീന | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 30-09-2020 |
| ഡോ. രജികുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ. ശ്രീരാജ്.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 01-05-2020 |
| ഡോ. ഡിവിൻ സെൻ ഗീത് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 02-05-2020 | 31-03-2021 |
| ഡോ. മാലിനി ആർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 30-06-2020 |
| ഡോ.ഗീത | മെഡിക്കൽ | 01-07-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ശ്രീ. ദീപക്.ഡി.എസ് | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ശ്രീമതി. ആദില.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നിഷ.റ്റി.ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 23-12-2020 |
| ശ്രീമതി. രജിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 24-12-2020 | 31-03-2021 |
| ശ്രീ.രാജൻ.ഡി.ബോസ് | ഹെഡ് മാസ്റ്റർ | 01-04-2020 | 28-02-2021 |
| ശ്രീ. വിനോദ് കുമാർ. വി | ഹെഡ് മാസ്റ്റർ | 01-03-2021 | 31-03-2021 |
| ശ്രീ. സുരേഷ് കുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-06-2020 | 31-03-2021 |
| സജി.പി.വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജൻ.ഡി.ബോസ് | ഹെഡ് മാസ്റ്റർ | 01-04-2020 | 28-02-2021 |
| ശ്രീ. വിനോദ് കുമാർ. വി | ഹെഡ് മാസ്റ്റർ | 01-03-2021 | 31-03-2021 |
| ശ്രീ. സുരേഷ് കുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-06-2020 | 31-03-2021 |
| സജി.പി.വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ. വിഷ്ണു. എസ് | വെറ്ററിനറി സർജൻ | 01-04-2020 | 27-05-2020 |
| ഡോ. അനിൽ രാജ് സി.ആർ | വെറ്ററിനറി സർജൻ | 28-05-2020 | 31-05-2020 |
| ഡോ. ഷിബു കെ.എസ് | വെറ്ററിനറി സർജൻ | 01-06-2020 | 09-07-2020 |
| ഡോ.രാജു. പി. | വെറ്ററിനറി സർജൻ | 10-07-2020 | 08-09-2020 |
| ഡോ. സ്വപ്ന പോൾ | വെറ്ററിനറി സർജൻ | 09-01-2020 | 23-09-2020 |
| ഡോ. ബിനോയ് ജോർജ്ജ് | വെറ്ററിനറി സർജൻ | 24-09-2020 | 31-03-2021 |

ഇല്ല

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-1 |
| 2 | വാർഷിക കണക്കുകൾ<br>Written By: M Harikumar (Asst. Audit Officer, On 27-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 26-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Deepa S (Asst. Audit Officer, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | 1-10 |
| 11 | തൊഴിൽ നികുതി അസ്സസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-11 |
| 12 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-12 |
| 13 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-13 |
| 14 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-14 |
| 15 | ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-15 |
| 16 | മതിയായ പാർക്കിംഗ് സൗകര്യമില്ല - നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ അനുവദിച്ചു<br>Written By: Harikumar.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-16 |
| 17 | മരാമത്ത് പ്രവൃത്തികൾ - കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ - നടപടികളിൽ സുതാര്യതയില്ല | 1-17 |

| | | |
|---|---|---|
| | Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | |
| 18 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 16-09-2021) | 1-18 |
| 19 | 'ജലനിധി'- കുടിവെള്ള പദ്ധതികളിന്മേൽ മോണിട്ടറിംഗ് ഇല്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-19 |
| 20 | ഫണ്ട് അപര്യാപ്തം- ക്ഷീരകർഷകർക്ക് പാലിന് പരമാവധി സബ്സിഡി നൽകിയില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-20 |
| 21 | അൺമീറ്ററേർഡ് സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് - തനതുഫണ്ട് ചോർത്തുന്നു<br>Written By: Deepa S (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-21 |
| 22 | കുടിവെള്ള ടാങ്ക് വിതരണം - വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 30-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-22 |
| 23 | കൊടുമൺ റൈസ് - പ്രായോഗിക കാഴ്ചപ്പാട് ആവശ്യം<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-23 |
| 24 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ- അവലോകനം<br>Written By: Deepa S (Asst. Audit Officer, On 30-08-2021)<br>Last Updated By: Johncy John (Computer Assistant, On 16-09-2021) | 1-24 |
| 25 | മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 30-09-2021) | 1-25 |
| 26 | മുട്ടക്കോഴി വളർത്തൽ പദ്ധതി - വികസനഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ചു<br>Written By: B Harikumar (Senior Grade Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം<br>Written By: N Pradeep Kumar (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: N Pradeep Kumar (Audit Officer (HG), On 29-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-7 |

| | | |
|---|---|---|
| | വിശദാംശം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Deepa S (Asst. Audit Officer, On 22-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.03.2020-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 02.02.2021 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക കണക്കുകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ ബി4 : Grants & Contributions For Specific Purposes:-

വിവിധ കേന്ദ്ര/സംസ്ഥാന ഗ്രാന്റുകളുടെ വരവ്, വിനിയോഗ വിവരം എന്നിവ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. 320200399 എന്ന ഹെഡിൽ 51391 രൂപ അവശേഷിക്കുന്നു. പ്രസ്തുത വരവിന്റെ ഉറവിടം സംബന്ധിച്ച രേഖകളില്ല.

2. ഷെഡ്യൂൾ ബി-4: Beneficiary Contributions 4,32,200 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ വിവരം അക്കൗണ്ട് ചെയ്യുന്നതിൽ കൃത്യതയില്ല. തുകകൾ ചെലവഴിക്കാതെ വർഷങ്ങളായി അക്കൗണ്ടിൽ നിക്ഷേപിച്ചുവരുന്നു.

4. നബാർഡ് അസിസ്റ്റൻസ് ആയി ലഭിച്ച തുകകളുടെ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല.

5. വിവിധ ഗ്രാന്റുകളിലെ നീക്കിയിരുപ്പ് തുകകൾ കാഷ് ആന്റ് ബാങ്ക് ബാലൻസിലെ ഷെഡ്യൂളിലെ തുകകളുടെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

6. ഷെഡ്യൂൾ ബി-5: Secured Loans- വികസനഫണ്ട് -പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 4,68,765/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബാലൻസ് കൃത്യമല്ല.

7. ഷെഡ്യൂൾ ബി7: Deposits Received- 3 വർഷത്തിലധികമായി നിൽക്കുന്ന തുകകൾ റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല.

8. ഷെഡ്യൂൾ ബി-9: Liability In Respect Of Stale Cheque- കാലാവധി കഴിഞ്ഞ ചെക്കുകൾ യഥാസമയം റെവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല. 18.6.2020-ൽ ലഭിച്ച 1,75,396/- രൂപ ഈ ഹെഡിലേക്ക് മാറ്റിയിരിക്കുന്നു. വരവ് ഇനം വ്യക്തമല്ല.

9. ഷെഡ്യൂൾ ബി-9: അഡ്വാൻസ് കളക്ഷൻ-തൊഴിൽ നികുതി (വ്യാപാരി), ലൈസൻസ് ഫീ- മുൻകൂറായി കാണിച്ചിട്ടുള്ള തുകൾ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

10. ഗ്രാമ പഞ്ചായത്ത് മുൻകാലങ്ങളിൽ ആർജ്ജിച്ച എല്ലാവിധ ആസ്തികളും അക്കൗണ്ട് ചെയ്തിട്ടില്ല.

11. ഷെഡ്യൂൾ ബി-18; വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 67,68,312.00

Depoist With KSEB - Rs. 13,85,763.00

12.ഷെഡ്യൂൾ I-6: MG-NREGA- ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

13. ഷെഡ്യൂൾ I-6: വികസനഫണ്ട് -പ്രത്യേക ഘടക പദ്ധതിയിൽ ലൈഫ് മിഷൻ വായ്പ തിരിച്ചടവിലേക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 4,68,765/- രൂപ വാർഷിക കണക്കിലെ വികസനഫണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

14. മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 50,300/- രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

15. കോവിഡ്-19- ജനപ്രതിനിധികളുടെ ഹോണറേറിയം ഇനത്തിൽ റിക്കവറി ചെയ്ത 172120/- രൂപ അക്കൗണ്ട് ചെയ്തിട്ടില്ല. ജീവനക്കാരുടെ ശമ്പളം ഇനത്തിൽ പിടിച്ച തുക തിരികെ നൽകിയിട്ടും പ്രസ്തുത ഹെഡിൽ നിലവിൽ 18080 ബാധ്യത കാണിക്കുന്നു.

16. ഈ ടെണ്ടർഫീസ് ഇനത്തിൽ ലഭിക്കാനുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30489666 |
| വരവ് | 109144376 |
| ആകെ | 139634042 |
| ചെലവ് | 111110709 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 28523333 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 14965000 | 14965000 | 14662078 | -- | 302922 | |
| വികസന ഫണ്ട്- എസ്.സി.പി | ,, | 21675188 | 21675188 | 18078537 | -- | 3596651 | |
| വികസന ഫണ്ട്- ടി.എസ്.പി | ,, | 147000 | 147000 | ഇല്ല | -- | 147000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 6560000 | 6560000 | 3120300 | -- | 3439700 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 12908171 | 12908171 | 8188017 | -- | 4720154 | |
| മെയിന്റനൻസ്, റോഡ് | ,, | 7934000 | 7934000 | 7934000 | -- | 0 | |
| മെയിന്റനൻസ്, നോൺ-റോഡ് | ,, | 4973000 | 4973000 | 4956444 | -- | 16556 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| സാക്ഷരത | 22067 | ഇല്ല | 22067 | ഇല്ല | -- | 22067 | |
| ശുചിത്വ മിഷൻ | 5748023 | 2889603 | 8637626 | 2170150 | -- | 6467476 | |
| പൈക്ക | 29886 | -- | 29886 | -- | -- | 29886 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| ഐ.സി.ഡി.എസ്. | 211682 | 399594 | 611276 | 611276 | -- | 0 | |
| എം.ജി.എൻ. ആർ.ജി.എസ് | -- | 84020723 | 84020723 | 84019071 | -- | 1652 | |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ലഭ്യമാക്കിയ കണക്കുകൾ, വാർഷിക ധനകാര്യപത്രികയുമായും, യഥാർത്ഥ കണക്കുകളുമായും വ്യതിയാനം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് (സ്റ്റേറ്റ്മെന്റ് പ്രകാരം) | ചെലവ് (എ.എഫ്.എസ്. പ്രകാരം) | ചെലവ് (യഥാർത്ഥ കണക്ക്) | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 14591078 | 14662078 | 14662078 | 71000 | CFLTC ഇൻസിനെറേറ്റർ വാങ്ങിയത് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. (പ്രോജക്ട് നം.318/21) |
| വികസന ഫണ്ട്- എസ്.സി.പി | 17609752 | 17609752 | 18078537 | 468785 | KURDFC ലോൺ റിക്കവറി തുക (സോഴ്സ് ഡിഡക്ഷൻ) അക്കൗണ്ട് ചെയ്തിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 4906144 | 4906144 | 4956444 | 50300 | വോട്ടിംഗ് മെഷീൻ വാങ്ങൽ (സോഴ്സ് ഡിഡക്ഷൻ) അക്കൗണ്ട് ചെയ്തിട്ടില്ല. |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിചെലവ് | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 267 | 209 | 178721537 | 79513646 | 78 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 82248263 | 82248263 | 82248263 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1772460 | 1772460 | 1770808 | 1652 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1. | കർഷകത്തൊഴിലാളി പെൻഷൻ | 497 | 7333000 |
| 2. | വികലാംഗ പെൻഷൻ | 380 | 5688200 |
| 3. | വാർദ്ധക്യകാല പെൻഷൻ | 2642 | 35272500 |
| 4. | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 46 | 730800 |
| 5. | വിധവാ പെൻഷൻ | 1229 | 18721700 |
| 6. | തൊഴിൽ രഹിത വേതനം | 2 | 1440 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2021 തീയതിയിൽ 12.30 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 5978 (അയ്യായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ അപാകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിലെ ഭൂമി പൊന്നുംവിലയ്ക്ക് എടുത്തത് സംബന്ധിച്ച് വസ്തുവിന്റെ വില പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടും തുക ലഭിക്കുന്നതിനും വസ്തു നൽകിയവർ നൽകിയ കേസ് പത്തനംതിട്ട സബ്കോടതിയിൽ നിലവിലുണ്ട്. വസ്തുവിന്റെ വിലയിനത്തിൽ നൽകേണ്ട ഭീമമായ തുക തനത് ഫണ്ടിൽ നിന്നുള്ള ബാദ്ധ്യത ആണ്. ഈ സാഹചര്യം മുൻകൂട്ടിക്കണ്ട് നികുതി, നികുതിയേതര തനത് വരുമാനത്തിലെ കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമല്ല. വിവിധ വാങ്ങലുകൾ പഞ്ചായത്ത് കമ്മിറ്റി മുഖേന നേരിട്ട് നടത്തുന്നതിന് പകരം പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പ്രവർത്തിക്കാത്ത പൊതു കുടിവെള്ള ടാപ്പുകൾ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

4. വിവിധ ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികളിന്മേൽ മോണിട്ടറിംഗ് നടത്തുന്നില്ല. അവയുടെ പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല.

6. മാലിന്യപരിപാലനം ഫലപ്രദമല്ല. ഹരിതകർമ്മസേനകൾ നിർജീവാവസ്ഥയിലാണ്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.11.2020 | 2015-2020 | 21.12.2020 |
| പെർഫോമൻസ് ഓഡിറ്റ് | 01.2020 | 12.2019 | 01.2020 |

## 1-11 തൊഴിൽ നികുതി അസ്സസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.

തനത് വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്താണ് കൊടുമൺ. പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമാവേണ്ട തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്യുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. പഞ്ചായത്തിന്റെ ഡിമാന്റ് രജിസ്റ്ററിലുള്ള സ്ഥാപനങ്ങളിൽ നിന്നും പോലും തൊഴിൽ നികുതി പൂർണമായി പിരിച്ചെടുത്തിട്ടില്ല. 2020-21 സാമ്പത്തിക വർഷം 86 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ ഭൂരിപക്ഷവും സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളാണ്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി | |
|---|---|---|---|
| | | ജീവനക്കാർ | സ്ഥാപനം |
| 1 | ചന്ദനപ്പള്ളി ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 2 | അങ്ങാടിക്കൽ വടക്ക് ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 3 | കൊടുമൺ ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 4 | നെടുമൺകാവ് ക്ഷീരോല്പാദക സഹകരണ സംഘം | - | 1st & 2nd |
| 5 | റേഷൻ കടകൾ | 1st & 2nd | 1st & 2nd |
| 6 | കെ.എസ്.ബി.സി. ഷോപ്പ് | - | 1st & 2nd |
| 7 | സിയോൺ ഇന്റർനാഷണൽ സ്കൂൾ | 2nd | - |
| 8 | കുടുംബശ്രീ അക്കൗണ്ടന്റ് | 1st & 2nd | - |
| 9 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ് | - | 1st & 2nd |
| 10 | കേരള ഗ്രാമീൺ ബാങ്ക്, കൊടുമൺ | - | 1st & 2nd |

ഗ്രാമ പഞ്ചായത്തിൽ നിന്നും 2020-21 സാമ്പത്തിക വർഷം ചെറുതും വലുതുമായ 341 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | അശ്വതി ഫില്ലിംഗ് സ്റ്റേഷൻ, XVII/3, 4A | 6 |
| 2 | അനി സിമന്റ് ബ്ലോക്ക്സ്, I/607 | 4 |
| 3 | പുതുശ്ശേരിൽ ഇൻഡസ്ട്രീസ്, 5/637, 691 | 4 |
| 4 | എസ്.എസ്.എഞ്ചിനീയറിംഗ് വർക്ക്സ്, 13/623 | 5 |
| 5 | ശ്രീവിനായക ഹൈടെക് ബ്രിക്സ്, 8/730 | 5 |
| 6 | ചന്ദ്രൻ വുഡ് വർക്ക്സ്, XII/535 | 3 |
| 7 | ബി.ബി. ഇൻഡസ്ട്രീസ്, 16/490 | 7 |
| 8 | ദേവി ഹോം അപ്ലൈൻസസ്, XVII/12, 13 | 4 |
| 9 | കളത്തുംകരോട്ട് എന്റർപ്രൈസസ്, IV/547 | 8 |

| | | |
|---|---|---|
| 10 | വീണ ഹോളോബ്രിക്ക്സ്, 13/901 | 4 |
| 11 | പൊന്നൂസ് ബ്രിക്ക്സ്, 8/544,545,546 | 3 |
| 12 | എം. മാർട്ട് ഹൈപ്പർ മാർക്കറ്റ്, XIII/361 | 3 |
| 13 | സാജ് ഇൻഡെയ്ൻ സർവ്വീസ്, XIII/440 | 2 |

തൊഴിൽനികുതി പിരിവിലെ മറ്റ് അപാകതകൾ

1. കൊടുമൺ പി.സി.കെ.ലാറ്റക്സ് ഫാക്ടറിയിൽ 63 ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വർഷം 17 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.
2. പി.സി.കെ. കൊടുമൺ എസ്റ്റേറ്റിൽ 268 ടാപ്പർമാർ, 76 ഫീൽഡ് വർക്കർമാർ, 41 സ്റ്റാഫ്, 7 ഓഫീസർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ടെന്ന് പി.സി.കെ. ലിമിറ്റഡിന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എന്നാൽ 2020-21 വർഷം 8 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.
3. പി.സി.കെ. ചന്ദനപ്പള്ളി എസ്റ്റേറ്റിൽ 248 ടാപ്പർമാർ, 79 ഫീൽഡ് വർക്കർമാർ, 35 സ്റ്റാഫ് , 5 ഓഫീസർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ടെന്ന് പി.സി.കെ. ലിമിറ്റഡിന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എന്നാൽ 2020-21 വർഷം 9 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.
4. കൊടുമൺ സപ്ലൈക്കോ സൂപ്പർമാർക്കറ്റിൽ 6 ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം 2 ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും 2020-21 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | സോണി സി. സാമുവൽ, തടത്തിൽ വടക്കേതിൽ, തേപ്പുപാറ |
| 2 | സുധീർകുമാർ വി., മോളേത്ത്, പൂതുമല |
| 3 | കെ.ജെ. ബിജു, കാരക്കാലിൽ, പെരിങ്ങനാട് |
| 4 | ജയിംസ് മാത്യു, തെക്കേമുറിയിൽ, ചന്ദനപ്പള്ളി |
| 5 | രാജേഷ് കെ., അനിതാവിലാസം, പൂതുമല |
| 6 | രഘുനാഥൻ നായർ, തെക്കേവാര്യ വീട്, കൊടുമൺ |
| 7 | സോമരാജൻ ഡി., ഗായത്രി, പൂതുമല |
| 8 | കെ. രവി, പാലച്ചുവട്ടിൽ, അങ്ങാടിക്കൽ നോർത്ത് |
| 9 | ആർ. സതീശൻ നായർ, കാഞ്ഞിരവിളയിൽ, പൂതുമല |
| 10 | എ. ജോസ്, തോപ്പിൽ ഹൗസ്, കലഞ്ഞൂർ |
| 11 | അശ്വിൻ വിഷ്ണുദത്ത്, ആഷാഡം, പൂതുമല |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ്(വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റും സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ പട്ടിക 1 - ൽ ക്രമ നം. 149 – ആയി ഉൾപ്പെട്ടിട്ടുള്ള റേഷൻ ഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2019-20 സാമ്പത്തിക വർഷം കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | സുശ്രുത ഹോസ്പിറ്റൽ |
| 2 | മെഡികെയർ ലബോറട്ടറി |
| 3 | മൈക്രോലാബ് ലബോറട്ടറീസ് |
| 4 | ഇമ്മാനുവൽ ലബോറട്ടറി |
| 5 | കെ.വി.എം. ഹോസ്പിറ്റൽ |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1) – ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

കൊടുമൺ പി.സി.കെ ലാറ്റക്സ് ഫാക്ടറിയിൽ നിന്നും 2020-21 വർഷം ലൈസൻസ് ഫീയായി 4000 രൂപയും മോട്ടോർ ഫീസായി 300 രൂപയുമാണ് ഈടാക്കിയിട്ടുള്ളത്. മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം ടി സ്ഥാപനത്തിന്റെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് 6 കോടി രൂപയാണ്. 31.10.2021- ലെ സ.ഉ.(അച്ചടി) നം.80/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകളും പരമാവധി ഈടാക്കാവുന്ന ലൈസൻസ് ഫീസും പുതുക്കി നിശ്ചയിട്ടുണ്ട്. ആയത് പ്രകാരം 5 കോടി രൂപയിൽ കൂടുതലും എന്നാൽ 10 കോടി രൂപയിൽ അധികരിക്കാത്തതുമായ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റുള്ള മാനുഫാക്ച്ചറിംഗ് സെക്ടറിൽപ്പെട്ട സ്ഥാപനങ്ങൾ മീഡിയം എന്റർപ്രൈസസ് എന്ന വിഭാഗത്തിൽപ്പെടുന്നവയാണ്. അത്തരം സ്ഥാപനങ്ങളിൽ നിന്നും 10000 രൂപ വരെ ലൈസൻസ് ഫീസായി ഈടാക്കാവുന്നതുമാണ്. ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവുണ്ടായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/24.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് കൃത്യമായി പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 മതിയായ പാർക്കിംഗ് സൗകര്യമില്ല - നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

കൊടുമൺ വില്ലേജ് , സർവ്വേ നം. 290/3-1-1, 290/2-1 എന്നിവയിലുള്ള 462 ച.മീ ഭൂമിയിൽ 157.68 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. മാത്തുക്കുട്ടി, പാലക്കുന്നത്ത് വീട് എന്നയാൾക്ക് 19.01.2021-ൽ C3-BA(12555)/2021 നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ സെല്ലാർ നിലയിലെ വിസ്തീർണ്ണം 86.4 ച.മീറ്ററും തറനിരപ്പ് നിലയിലെ വിസ്തീർണ്ണം 71.28 ച.മീറ്ററുമാണ്. പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ ചട്ടപ്രകാരം ആവശ്യമായ 2 കാറുകളുടെ പാർക്കിംഗിന് സ്ഥലം കെട്ടിടത്തിന്റെ മുൻഭാഗത്ത് കാണിച്ചിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിൽ 30.07.2021-ൽ 10/397A എന്ന് നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം 164.78 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 9063 രൂപ നികുതി നിർണയിച്ചിട്ടുണ്ട്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടം മുൻവശത്തേക്ക് നീക്കി നിർമ്മിച്ചിരിക്കുകയാണ്. കെട്ടിടത്തിന്റെ മുൻഭാഗത്ത് ഒരു കാർ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം മാത്രമേ ലഭ്യമായുള്ളൂ. കാർ പാർക്കിംഗിന് ആവശ്യമായ സ്ഥലത്തിന്റെ 25% അധികമായി ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് നൽകേണ്ടതാണെന്ന ചട്ടവും [38(4)] പാലിച്ചിട്ടില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ച്, നികുതി നിശ്ചയിച്ച് നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/24.08.21), സെല്ലാർ നില ഉപയോഗിക്കുന്നില്ലായെന്ന കെട്ടിട ഉടമ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഉണ്ടായിരുന്നതിനാലാണ് വസ്തുനികുതി കണക്കാക്കി നമ്പർ നൽകിയതെന്നും സഞ്ചയയിൽ തറനിരപ്പുനിലയ്ക്ക് നമ്പർ നൽകിയപ്പോൾ സെല്ലാർനിലയുടെ വിസ്തീർണ്ണം കൂടി അതിൽ ഉൾപ്പെട്ടു പോയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി പുനർനിർണയം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അപ്രകാരം പുനർനിർണയം നടത്തുമ്പോൾ

ഉപയോഗിക്കാത്ത നിലവറ ഭാഗം ഒഴിവാക്കി വാണിജ്യാവശ്യത്തിനുള്ള തറനിരപ്പ് നിലയുടെ വിസ്തീർണ്ണം കണക്കാക്കുമ്പോൾ ചട്ടപ്രകാരം പാർക്കിംഗ് സൗകര്യം ലഭ്യമാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സെല്ലാർ ഭാഗം ഒഴിവാക്കി വസ്തുനികുതി നിർണയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. സെല്ലാർ ഭാഗം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലായെന്ന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് (ചട്ടം 21) നടപടികളിലൂടെ ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 മരാമത്ത് പ്രവൃത്തികൾ - കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ - നടപടികളിൽ സുതാര്യതയില്ല

എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള അധിക ബാധ്യത തുക കരാറുകാർക്ക് തിരികെ നൽകേണ്ടതുണ്ട് എന്ന് 27.11.2017 ഡി.ബി3-9058/17/CE/തസ്വഭവ നമ്പർ ആയുള്ള സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്റ്റ് തയ്യാറാക്കേണ്ടതും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം ആണെന്ന് ഉറപ്പാക്കുന്നതിന്റെയും അടച്ച തുകയുടെ രേഖ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പ്രവൃത്തിയുടെ പേര്, വാങ്ങേണ്ട കോമ്പൻസേഷൻ എന്നീ വിവരം ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലേഷൻ ഫോം പഞ്ചായത്തിൽ നൽകണമെന്ന് 29-09-2018 -ലെ സ.ഉ.(സാധാ.)2532/2018 ത.സ്വ.ഭ.വ നമ്പർ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ നടപ്പാക്കിയ പ്രവർത്തികളുടെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ബില്ലിൽത്തന്നെ ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രതിഫലം നൽകിയിട്ടുള്ളത്. കരാറുകാർ ജി.എസ്.റ്റി അടച്ചതിന്റെ രേഖകൾ വാങ്ങി ബോദ്ധ്യപ്പെടാതെയാണ് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരന്റെ പേര് | ആകെ പ്രവൃത്തിമൂല്യം | ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് (12%) | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| 1 | കൊച്ചാരിക്കൽ പൊയ്ക - പ്ലാമൂട് റോഡ് കോൺക്രീറ്റിംഗ് SO76/21 545000 | എ.ജോസ് | 379122 | 45495 | 22/21.4.20 |
| 2 | പുത്തൻവിളപ്പടി കോളനി റോഡ് കോൺക്രീറ്റിംഗ് SO67/21 170000 | കെ.രവി | 151761 | 18211 | 19/ 17.4.20 |
| 3 | പ്ലാവേലിൽപ്പടി - കുഴിമണ്ണിൽപ്പടി റോഡ് കോൺക്രീറ്റിംഗ് SO 97/21 700000 | എ.ജോസ് | 460545 | 55265 | 23/21,4,20 |
| 4 | ഗാന്ധി സ്മാരക കോളനി കീരിയാട്ട് റോഡ് കോൺക്രീറ്റിംഗ് SO47/21 300000 | അനീഷ്, എ | 267691 | 32123 | 16/ 17.4.20 |
| 5 | കൊന്നയിൽപ്പടി ചാമക്കാലാപ്പടി റോഡ് കോൺക്രീറ്റിംഗ് SO109/21 300000 | സുധീർകുമാർ. വി | 267109 | 50751 | 4/22.4.20 |

| | | | | | |
|---|---|---|---|---|---|
| 6 | എൽ.പി.എസ് പൊരിയക്കോട് റോഡ് റീടാറിംഗ് S0128/21 600000 | കെ.ജെ.ബിജു | 499635 | 59956 | 87/6.3.21 |

അപാകം സംബന്ധിച്ച് 27.8.2021 ൽ നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, ഈ വിഷയത്തിൽ ഓഡിറ്റിന്റെ നിർദ്ദേശപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരൻ ജി.എസ്.റ്റി അടച്ചതിന്റെ രേഖകൾ വാങ്ങി ബോദ്ധ്യപ്പെട്ടശേഷം മാത്രം നടപ്പ് വർഷം മുതൽ ഇപ്രകാരം ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തെ പ്രവൃത്തികളുടെ ജി.എസ്.റ്റി കരാറുകാർ ഒടുക്കിയതിന്റെ രേഖകളും വാങ്ങി ആയത് ഉറപ്പാക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് തിരികെ ലഭ്യമാക്കിയില്ല

2018-19 മുതൽ 2021 ആഗസ്റ്റ് വരെ കാലയളവിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാപ്പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്ന തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇ-ടെണ്ടർ ഫീസ് |
|---|---|---|
| 1 | 2018-19 | 55016 |
| 2 | 2019-20 | 41716 |
| 3 | 2020-21 | 53754 |
| 4 | 2021 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ | 6048 |
| ആകെ | | 156534 |

2017-18 വരെയുള്ള ഇ-ടെണ്ടർ ഫീസ് തിരികെ ലഭിക്കാനുള്ളതിന്റെ വിവരം മുൻറിപ്പോർട്ടിൽ പരാമർശിച്ചത് കാണുക. ഇ-ടെണ്ടർ ഫീസ് ഇനത്തിലുള്ള തുക പൂർണ്ണമായും ജില്ലാപ്പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 'ജലനിധി'- കുടിവെള്ള പദ്ധതികളിന്മേൽ മോണിട്ടറിംഗ് ഇല്ല

പഞ്ചായത്തിൽ ജലനിധി പ്രോജക്ടിന്റെ കീഴിൽ വിവിധ ഗുണഭോക്തൃസമിതികളെ ഏൽപിച്ചിട്ടുള്ള 15 കുടിവെള്ളപദ്ധതികൾ ഉണ്ട്. 12 പദ്ധതികളുടെ നവീകരണത്തിന് 2020-21 ൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുകയുണ്ടായി. ഇതിൽ 10 എണ്ണത്തിന് ബന്ധപ്പെട്ട ഗുണഭോക്തൃസമിതികളുടെ വിഹിതം ഒടുക്കിയതിനാൽ അവയുടെ പുനരുദ്ധാരണത്തിന് 2020-21 ൽ ആരംഭിച്ച പദ്ധതിയുടെ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന സർക്കാരിൽ നിന്നും 75%, ഗ്രാമപ്പഞ്ചായത്തിൽ നിന്നും വികസന ഫണ്ട് 15 %, ഗുണഭോക്തൃവിഹിതം 10% എന്നിങ്ങനെയാണ് ഫണ്ട് ലഭ്യമാക്കിയത്.

ഗുണഭോക്തൃസമിതികളിൽ നിന്ന് തെരഞ്ഞെടുത്ത വ്യക്തികളെ ഉൾപ്പെടുത്തി ഒരു Apex Body 2020-21 ൽ പദ്ധതികളുടെ മോണിട്ടറിംഗിനായി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ മേൽനോട്ടത്തിന് ജലനിധി പ്രോജക്ടിലെ ഉദ്യോഗസ്ഥരുടെ സേവനം ഗ്രാമപ്പഞ്ചായത്ത് ഇതേവരെ തേടിയിട്ടില്ല. ഫലപ്രദമായ തുടർനടത്തിപ്പിന് ജലനിധി പ്രോജക്ടിലെ ഉദ്യോഗസ്ഥരുടെ സേവനം കൂടി തേടുന്നതിനുള്ള സാധ്യതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ഫണ്ട് അപര്യാപ്തം- ക്ഷീരകർഷകർക്ക് പാലിന് പരമാവധി സബ്സിഡി നൽകിയില്ല

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിന് ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷം ആവിഷ്കരിച്ച പദ്ധതി (S0026/21) പ്രകാരം ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത പദ്ധതിക്കായി വികസന ഫണ്ട് 100000 രൂപ, ബ്ലോക്ക്പഞ്ചായത്ത് വിഹിതം 400000 രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 500000 രൂപ എന്നിവ ഉൾപ്പെടെ 1000000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭിക്കാതിരുന്നത് പദ്ധതി നിർവഹണത്തെ പ്രതികൂലമായി ബാധിച്ചു. ആയതിനാൽ നെടുമൺകാവ്, അങ്ങാടിക്കൽ വടക്ക്, ചന്ദനപ്പള്ളി എന്നീ ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയുള്ള 115 ക്ഷീരകർഷകർക്ക് 2020 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ മാത്രമേ പാലിന് സബ്സിഡി നൽകാൻ കഴിഞ്ഞുള്ളൂ. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.018) പ്രകാരം ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി ഒരു കർഷകന് ഒരു വർഷത്തിൽ പരമാവധി 40000 രൂപ നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2019 ഡിസംബർ മാസം വരെ 3 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയത്. സംയുക്തപദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് വകയിരുത്തിയ ഫണ്ട് പൂർണ്ണമായും

ലഭ്യമാകാഞ്ഞതിനാൽ 2021 ജനവരി മുതൽ 2021 മാർച്ച് വരെ കാലയളവിലെ സബ്സിഡി നൽകാനായില്ല എന്നത് പദ്ധതി നിർവ്വഹണത്തിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

സംയുക്ത പദ്ധതിയായി നിർവ്വഹണം നടത്തുമ്പോൾ തുക വകയിരുത്തിയ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വകയിരുത്തിയ വിഹിതം പൂർണ്ണമായും യഥാസമയം ലഭ്യമാക്കുന്നതിനും ക്ഷീരകർഷകർക്ക് പരമാവധി സബ്സിഡി നൽകുന്നതിന് ഉതകും വിധം പദ്ധതി നടപ്പാക്കുന്നതിനും വരും വർഷങ്ങളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 അൺമീറ്റേർഡ് സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് - തനതുഫണ്ട് ചോർത്തുന്നു

കെ.എസ്.ഇ.ബിയുടെ ഏഴംകുളം, കൈപ്പട്ടൂർ, പന്തളം തെക്കേക്കര. കലഞ്ഞൂർ, അടൂർ എന്നീ സെക്ഷനുകളുടെ പരിധിയിൽ വരുന്നതും മീറ്റർ സ്ഥാപിക്കാത്തതുമായ സ്ട്രീറ്റ് ലൈറ്റുകൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഈ പ്രദേശങ്ങളിലെ അൺമീറ്റേർഡ് സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 21089 രൂപ ഏഴംകുളം സെക്ഷനിലാണ് അടയ്ക്കുന്നത്. 2019-20 ൽ 34 എണ്ണം മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. മീറ്റർ സ്ഥാപിക്കാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ തുകയായി 2019-20 ൽ 224136 രൂപയും 2020-21 ൽ 211927 രൂപയും ഏഴംകുളം സെക്ഷനിൽ അടച്ചിട്ടുണ്ട്.

മീറ്റർ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ മീറ്റർ സ്ഥാപിക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് 25.08.2021 ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടതിന്, പഞ്ചായത്തു പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ മീറ്റർ സ്ഥാപിക്കാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ വിവര ശേഖരണത്തിനായി ഏഴംകുളം, കൈപ്പട്ടൂർ, പന്തളം തെക്കേക്കര. കലഞ്ഞൂർ, അടൂർ എന്നീ കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. യുമായി ചേർന്ന് സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. എല്ലാ സ്ട്രീറ്റ് ലൈറ്റുകൾക്കും മീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതി,ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 കുടിവെള്ള ടാങ്ക് വിതരണം - വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചില്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. താമരക്കുളത്ത് പ്രവർത്തിക്കുന്ന ഹയ്യ ട്രേഡിംഗ് കമ്പനി മുഖേനയാണ് വാട്ടർടാങ്കുകൾ വാങ്ങിയിട്ടുള്ളത്. ചെലവിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുകയുടെ വിവരം | ആകെ വകയിരുത്തിയ തുക | ചെലവഴിച്ച തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 25/2020-21 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് വിതരണം | വികസനഫണ്ട്-364500 ഗുണഭോക്തൃവിഹിതം-121500 ആകെ – 486000 | 486000 | 166049 (124537+ 41512) | 162 | 54 | 34 |

പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ 34% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയിലുൾപ്പെടുത്തിയ 162 ഗുണഭോക്താക്കളിൽ 99 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം ഗ്രാമപ്പഞ്ചായത്തിൽ അടച്ചിട്ടുണ്ടെങ്കിലും 54 പേർക്ക് മാത്രമാണ് പദ്ധതിപ്രകാരം വാട്ടർടാങ്കുകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 45 പേരുടെ ഗുണഭോക്തൃവിഹിതം (34650)ഈടാക്കിയിട്ടും ടാങ്കുകൾ നൽകാതിരുന്നതിന് കാരണം അന്വേഷിച്ചുകൊണ്ട് 11.08.2021 ൽ നൽകിയ 3/2020-21-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട ജോലികൾ നിർവഹിക്കേണ്ടതും നിർവഹണോദ്യോഗസ്ഥന്റെ അധികച്ചുമതലയും അവധിയും പദ്ധതി നിർവഹണത്തെ പ്രതികൂലമായി ബാധിച്ചുവെന്നും 30.03.2021 ൽ 45 ടാങ്കുകൾ വിതരണം ചെയ്യുന്നതിന് കരാറുകാരന് കത്തു നൽകിയെങ്കിലും സ്റ്റോക്ക് ഇല്ലാതിരുന്നതിനാൽ പദ്ധതി തൻവർഷം തുടരാൻ സാധിച്ചിട്ടില്ല എന്നും 2021-22 ൽ സ്പിൽ ഓവർ ആയി പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടെന്നും ഗ്രാമപ്പഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്കുകൾ വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 കൊടുമൺ റൈസ് - പ്രായോഗിക കാഴ്ചപ്പാട് ആവശ്യം

കാർഷിക മേഖലയിൽ നൂതന സംരംഭമെന്ന നിലയിൽ ആരംഭിച്ച കൊടുമൺ റൈസ് എന്ന പദ്ധതിയുടെ നടത്തിപ്പ് അഭിനന്ദനാർഹമാണ്. പാടശേഖര സമിതികളെ സംയോജിപ്പിച്ചുകൊണ്ട് പഞ്ചായത്തിലെ 509 ഹെക്ടർ തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുകയും വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനും ലക്ഷ്യം വച്ചാണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കി വരുന്നത്. ഫയലിനോടൊപ്പം ലഭ്യമാക്കിയ രേഖകൾ പ്രകാരം 2019-20 ൽ രണ്ട്

ഘട്ടങ്ങളിലായി 127103 Kg നെല്ല് സംഭരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 98813 കിലോ നെല്ല് 25.30 രൂപ നിരക്കിലും രണ്ടാം ഘട്ടത്തിൽ 28290 കിലോ നെല്ല് 26.95 രൂപ നിരക്കിലുമാണ് ശേഖരിച്ചിട്ടുള്ളത്. സംഭരിച്ച ഉടൻതന്നെ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറുവാൻ സാധിച്ച എന്നത് പ്രശംസനാർഹമാണ്. ഇപ്രകാരം സംഭരിച്ച നെല്ലിൽ നിന്നും 40000 കിലോ സംസ്കരിക്കുമ്പോൾ മായവും കലർപ്പും ഇല്ലാതെ 24000 കിലോ അരിയാണ് ലഭിച്ചിട്ടുള്ളത്. ടി അരി പായ്ക്ക് ചെയ്ത് കൊടുമൺ റൈസ് എന്ന ബ്രാന്റ് നെയിമിൽ മാർക്കറ്റിലെത്തിച്ച് വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം പൊതുവിപണിയിൽ വിറ്റഴിക്കുമ്പോൾ ലഭിക്കുന്ന അധിക ലാഭത്തിന്റെ ലാഭവിഹിതവും കർഷകർക്ക് കൈമാറുവാൻ പദ്ധതി ലക്ഷ്യമിടുന്നു.

വാണിജ്യാടിസ്ഥാനത്തിലുള്ള ഒരു പദ്ധതി എന്ന നിലയിൽ തുടക്കത്തിൽ ലഭിച്ച വിജയം കാത്ത് സൂക്ഷിക്കണമെങ്കിൽ പ്രായോഗികമായ കാഴ്ചപ്പാടും ദീർഘ വീക്ഷണവും അത്യന്താപേക്ഷിതമാണ്. വിപണിയിൽ ഉള്ള മറ്റ് ബ്രാൻഡുകളുമായി താരതമ്യം ചെയ്യുമ്പോൾ എം.ആർ.പി യിൽ ഉള്ള വലിയ അന്തരം ഭാവിയിൽ പ്രതികൂലമായേക്കാം. നിലവിലെ സാഹചര്യത്തിൽ ഉൽപ്പാദന ചെലവുകൾ പരമാവധി കുറച്ചെങ്കിൽ മാത്രമേ വലിയ കിട മൽസരം നിലനിൽക്കുന്ന കമ്പോളത്തിൽ പിടിച്ച് നിൽക്കുവാൻ സാധിക്കുകയുള്ളൂ. കൊടുമൺ റൈസ് എന്ന പേരിൽ 10kg അരി സംസ്കരിച്ച് ബ്രാൻഡ് ചെയ്ത് പൊതുവിപണിയിൽ എത്തിക്കുന്നതിന് നിലവിലുള്ള ചെലവും ആയത് വിൽക്കുമ്പോൾ ചെലവ് കഴിഞ്ഞ് ലഭിക്കുന്ന ലാഭവും താരതമ്യം ചെയ്യുന്നത് ഈ അവസരത്തിൽ ഉചിതമായിരിക്കും. ലഭ്യമായ രേഖകൾ പ്രകാരമുള്ള ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ചെലവ് (10kg അരി സംസ്കരിച്ച് പായ്ക്ക് ചെയ്ത് എടുക്കുന്നതിന് ) | | | ആകെ |
|---|---|---|---|
| ഇനം | | ചെലവ് | |
| 10kg അരി ലഭ്യമാകണമെങ്കിൽ വേണ്ട നെല്ല് | 17.5 Kg | 26.95/Kgx17.5 | 471.62 |
| സംസ്കരണ ചെലവ് (നെല്ല് കുത്തി അരിയാക്കുന്നത്) കിലോ 5 രൂപ നിരക്കിൽ | 10x5 | 50 | 50 |
| കയറ്റിറക്ക് കൂലി, ട്രാൻസ്പോർട്ടേഷൻ, ഹാൻഡ്‌ലിങ് ചാർജസ് | 1കിലോയ്ക്ക് 4.8 രൂപ നിരക്കിൽ 10 Kg യ്ക്ക് | 10x4.8 | 48 |
| പായ്ക്കിങ് ചാർജസ് | 10kgയ്ക്ക് (പാക്കിങ് കവർ ഉൾപ്പടെ) | 10.5 | 10.5 |
| 10 Kg യുടെ 1 ബാഗ് അരി മാർക്കറ്റിൽ എത്തിക്കുന്നതിന്റെ ആകെ ചെലവ് | | | 580.12 രൂപ |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം 10 Kg അരി മാർക്കറ്റിൽ എത്തിക്കുമ്പോൾ 580.12 രൂപയാണ് ചെലവ്. ഇത്രയും ചെലവ് ചെയ്ത് മാർക്കറ്റിൽ എത്തിക്കുന്ന ഒരു പായ്ക്കറ്റ് അരി നിലവിൽ എക്കോഷോപ്പ് വഴി വിൽക്കുന്നത് 600 രൂപയ്ക്കാണ്. 1 കിലോ അരിയ്ക്ക് ഉള്ള ശരാശരി പ്രോഫിറ്റ് മാർജിൻ 2 രൂപയിൽ താഴെ മാത്രമാണ്. മേൽ സൂചിപ്പിച്ച ചെലവുകൾക്ക് പുറമേ എക്കോഷോപ്പിലെ 2 ജീവനക്കാർ, അക്കൗണ്ടന്റ് എന്നിവരുടെ ശമ്പളം നെല്ല്, സംസ്കരിച്ച അരി എന്നിവ സൂക്ഷിയ്ക്കുന്നതിനുള്ള ഗോഡൗണുകളുടെ വാടക എന്നിവകൂടി തുച്ഛമായ പ്രോഫിറ്റ് മാർജിനിൽ നിന്നും കണ്ടെത്തേണ്ടിവരുന്നു.

വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ മറ്റ് ബ്രാൻഡുകൾ 10കിലോ അരി 400 മുതൽ 430 രൂപ വരെ വിലയിൽ മാർക്കറ്റിൽ എത്തിക്കുമ്പോൾ കൊടുമൺ റൈസ് 600 രൂപയിൽ മാർക്കറ്റിലെത്തിക്കുമ്പോൾ പോലും കാര്യമായ ലാഭം ഉണ്ടാക്കുവാൻ സാധിക്കുന്നില്ലെന്ന് വ്യക്തമാണ്.

ആദ്യ വർഷം ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത് വിഹിതങ്ങളും മൂലധനവും വായ്പയും ഉൾപ്പടെ 3445500 രൂപയുമായാണ് പദ്ധതി ആരംഭിച്ചത്. ആയതിനാൽ ആദ്യ വർഷങ്ങളിൽ കൃത്യമായി നെല്ല് സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ഉടൻതന്നെ കൈമാറുന്നതിനും സാധിച്ചിട്ടുണ്ട്. എന്നാൽ വരും വർഷങ്ങളിൽ ഒരു വാണിജ്യ സംരംഭമെന്ന നിലയിൽ തുടർപ്രവർത്തനങ്ങൾക്കുള്ള പ്രവർത്തന മൂലധനം കൊടുമൺ ഫാർമേഴ്സ് സൊസൈറ്റി തന്നെ കണ്ടെത്തേണ്ടിവരും. ഇത് സാധ്യമാകണമെങ്കിൽ കൊടുമൺ റൈസ് എന്ന ബ്രാന്റ് ലാഭകരമാക്കേണ്ടിയിരിക്കുന്നു. പ്രൊഡക്ഷൻ ചെലവുകൾ പരമാവധി കുറച്ച് മൽസരാധിഷ്ഠിത ഉൽപ്പന്നമായി വിപണിയിൽ അവതരിപ്പിക്കുവാനുള്ള സാദ്ധ്യത തേടേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. നെല്ല് കുത്തി അരിയാക്കുന്നതിന് ഇപ്പോൾ കോട്ടയത്തുള്ള ഓയിൽ പാം ഇന്ത്യയുടെ മില്ലിനെ ആണ് ആശ്രയിച്ച് വരുന്നത്. ഒരുകിലോ നെല്ല് കുത്തി അരിയാക്കുന്നതിന് 5 രൂപയും കോട്ടയത്തേക്ക് നെല്ല് കൊണ്ടുപോകുന്നതിനും തിരിച്ചെത്തിക്കുന്നതിനുമുള്ള ട്രാൻസ്പോർട്ടേഷൻ, കയറ്റിറക്ക് കൂലി എന്നിവയ്ക്കായി 4.8 രൂപയും ഉൾപ്പടെ ഏകദേശം 10 രൂപയാണ് ചെലവ്. 2019-20 ൽ കൊടുമൺ പഞ്ചായത്ത് സ്വന്തമായി മിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വെച്ചിരുന്നെങ്കിലും പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്. സ്വന്തമായി മിൽ സ്ഥാപിക്കുകയാണെങ്കിൽ കൊടുമൺ അരി ഉൽപ്പാദനത്തിൽ ഓരോ കിലോയിലും 10 രൂപ ഉൽപ്പാദനച്ചെലവ് കുറയ്ക്കാവുന്നതാണ്. മാത്രവുമല്ല പത്തനംതിട്ട ജില്ലയിൽ മറ്റ് മില്ലുകൾ ഇല്ലാത്തതിനാൽ

വിപുലമായ നെൽകൃഷിയുള്ള മറ്റ് ഗ്രാമപഞ്ചായത്തുകൾക്കുകൂടി പ്രയോജനപ്പെടുകയും ആ ഇനത്തിൽ കർഷക സമിതിയ്ക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനും സാധിക്കുന്നതാണ്.

- നിലവിൽ അരി മാത്രമാണ് കൊടുമൺ റൈസ് ബ്രാന്റ് ൽ ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കുന്നത്. അരിയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്ത് മാർക്കറ്റിലെത്തിച്ചാൽ കൂടുതൽ ലാഭമുണ്ടാക്കുവാൻ സാധിക്കും.
- ശാസ്ത്രീയമായ രീതിയിൽ നെല്ലും അരിയും സംഭരിക്കുവാനും സൂക്ഷിക്കുവാനുമുള്ള സംവിധാനങ്ങളാവശ്യമാണ്. ഇപ്പോൾ നെല്ല് സംഭരിക്കുന്നതിന് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളുകളിലും ബ്ലോക്ക് പഞ്ചായത്ത് വിട്ടുനൽകിയ കെട്ടിടത്തിലുമാണ്. മികച്ച സംഭരണ സംവിധാനവും പ്രൈമറി പ്രോസസ്സിങ്ങിനുള്ള സൗകര്യവും വെയിസ്റ്റേജ് ഒഴിവാക്കുന്നതിന് സഹായിക്കും.
- തികച്ചും ഒരു വാണിജ്യ സംരംഭം എന്ന നിലയിൽ മാനേജ്മെന്റ്, അക്കൗണ്ടിങ്ങ്, മാർക്കറ്റിങ്ങ് മേഖലകളിൽ മികച്ച പ്രൊഫഷണലുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നത് ഉചിതമാണ്.

  മേൽ വിഷയങ്ങളിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ- അവലോകനം

കൊടുമൺ ഗ്രാമപ്പഞ്ചായത്തിൽ 2020-21സാമ്പത്തികവർഷം കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി സി.എഫ്.എൽ.റ്റി.സി സജ്ജീകരിച്ചിട്ടുണ്ട്.. ഈയിനത്തിൽ ആകെ 590962/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെചേർക്കുന്നു.

| സാധനങ്ങളുടെ വില | മറ്റിനങ്ങൾ | ശുചീകരണ തൊഴിലാളികളുടെ വേതനം | ആകെ |
|---|---|---|---|
| 196216 | 372966 | 21780 | 590962 |

തൻവർഷം ഈ സ്ഥാപനം രോഗികൾക്ക് ഉറന്നു കൊടുത്തിട്ടില്ല. CFLTC ആയി സജ്ജീകരിച്ച ഗവ:ഐ.റ്റി.ഐ, ഐക്കാട് എന്ന സ്ഥാപനം 60 കിടക്കകളുള്ള ഡൊമിസെൽ കെയർ സെന്ററായി 2021 മെയ് 20 മുതൽ പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിൽ 6 കെയർടേക്കർമാരേയും 1 സ്റ്റാഫ് നേഴ്സിനേയും നിയമിച്ചിട്ടുണ്ട് .കോവിഡ് രോഗികളെ വീട്ടിൽ നിന്ന് കെയർസെന്ററിലേക്കും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരെ ആസ്പത്രിയിലേക്കും മാറ്റുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സേവനവും സജ്ജീകരിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജനകീയഹോട്ടലിൽ നിന്ന് രോഗികൾക്ക് 3 നേരം ഭക്ഷണവും സെന്ററിനു സമീപമുള്ള ഹോട്ടലിൽ നിന്ന് ലഘുഭക്ഷണവും നൽകിവരുന്നു. രോഗികൾക്ക് മാസ്ക്. ഗ്ളൗസ്സ് മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവയും ആവശ്യാനുസരണം നൽകിവരുന്നു

കോവിഡ്പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യപ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, സന്നദ്ധസംഘടനാ പ്രവർത്തകർ, തദ്ദേശീയരായ വ്യക്തികൾ, ജനമൈത്രി പോലീസ് അംഗങ്ങൾ, ജനപ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ജാഗ്രതാസമിതികൾ രൂപീകരിച്ച് നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും, പ്രതിരോധപ്രവർത്തനങ്ങൾ വിശകലനം ചെയ്യുകയും, സമിതിയുടെ നേതൃത്വത്തിൽ കോവിഡ്പ്രോട്ടോക്കോൾ ലംഘനം, ക്വാറന്റൈൻ ലംഘനം എന്നിവ യഥാസമയം റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. ഗ്രാമപ്പഞ്ചായത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ഡസ്ക് സജ്ജീകരിച്ച് ജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകിവരുകയും ചെയ്യുന്നുണ്ട്.

കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിൽ ഉച്ചഭാഷിണികൾ ഉപയോഗിച്ച് അറിയിപ്പ് നൽകുകയും പോലീസുമായി ചേർന്ന് ബാനറുകൾ സ്ഥാപിക്കുകയും നിരീക്ഷണസംവിധാനം ശക്തിപ്പെടുത്തുന്നതിന് പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു. കോവിഡ്പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി വാക്സിനേഷൻ നൽകുന്നതിന് ആരോഗ്യകേന്ദ്രങ്ങൾക്ക് പുറമേ അധികവാക്സിനേഷൻ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വീട്ടിൽ കഴിയുന്ന കോവിഡ് രോഗികൾക്ക് ആവശ്യമായ സേവനങ്ങൾ ആരോഗ്യവിഭാഗത്തിന്റെ സഹായത്തോടെ സന്നദ്ധസംഘടനാപ്രവർത്തകർ മുഖേന നൽകിവരുന്നു.

രോഗവ്യാപനം കൂടുതലുള്ള പ്രദേശങ്ങളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് കോവിഡ് ടെസ്റ്റിംഗ് ക്യാംപുകൾ നടത്തിവരുന്നു. ടെസ്റ്റിൽ രോഗം സ്ഥിരീകരിച്ചവരിൽ വീട്ടിൽ ക്വാറന്റൈൻ സൗകര്യം ഇല്ലാത്തവർക്ക് ഡിസിസി സംവിധാനം ഏർപ്പെടുത്തുകയും രോഗലക്ഷണമുള്ളവർക്ക് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം CSLTC, CFLTC എന്നിവിടങ്ങളിലേക്ക് മാറ്റുകയും ചെയ്തുവരുന്നു. മേൽ പ്രവർത്തനങ്ങളുടെ ഏകോപനഫലമായി കോവിഡ് രണ്ടാം തരംഗം ഫലപ്രദമായി നേരിടുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

## 1-25 മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ 2020-21 സാമ്പത്തിക വർഷം മരുന്ന് വാങ്ങുന്നതിനായി ഹോംകോ (ആലപ്പുഴ) യിലേക്ക് കൈമാറിയ തുകയിൽ 330549 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ **ചേർക്കുന്നു.**

| നിർവ്വഹണോദ്യോഗസ്ഥൻ | | മെഡിക്കൽ ഓഫീസർ ഹോമിയോ | | |
|---|---|---|---|---|
| പ്രോജക്ട് | ബിൽ നമ്പർ തീയതി | ഫണ്ട് ഇനം, | ലഭ്യമായ | ലഭിക്കുവാൻ |

| നമ്പരും പേരും | | ഹോംകോയ്ക്ക് കൈമാറിയ തുക | മരുന്നുകളുടെ മൂല്യം | ബാക്കിനിൽക്കുന്ന മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| S0208/21 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ | 2005035201550300688 Dtd.26.06.20 | 600000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) | 269451 | 330549 |

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്ന് ഹോംകോയിൽ നിന്ന് ലഭ്യമാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-26 മുട്ടക്കോഴി വളർത്തൽ പദ്ധതി - വികസനഫണ്ടിൽ നിന്നും അധിക തുക പിൻവലിച്ച**

| ക്രമ.നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | | ചെലവ് വിവരം /തുക | | | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | മുട്ടക്കോഴി വളർത്തൽ (വനിത) 07/20-21 | വികസന ഫണ്ട് | 789000 | വികസന ഫണ്ട് | 654100 | BRN.20050352015600675729/ 18.11.20 – 170500 രൂപ<br>20050352015600852779/ 22.12.20 – 106700 രൂപ<br>20050352015601127951/ 01.03.21 – 94200 രൂപ<br>20050352015601280532/ 22.03.21 – 222200 രൂപ<br>20050352015601400749/ 30.03.21 - 60500 രൂപ | 1178 |
| | | ഗുണഭോക്തൃ വിഹിതം | 789000 | ഗുണഭോക്തൃ വിഹിതം | 371400 | 911115/30.03.2021 | |
| | | ആകെ | 1579600 | ആകെ | 1025500 | | |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി മുട്ടക്കോഴികളെ വിതരണം നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ച നടപ്പിലാക്കിയിരുന്നു. പദ്ധതി പ്രകാരം 1178 ഗുണഭോക്താക്കൾക്ക് 10 കോഴികളുടെ ഒരു യൂണിറ്റ് വീതം വിതരണം നടത്തിയിട്ടുണ്ട്. 1100 രൂപ വില വരുന്ന ഒരു യൂണിറ്റിന് 550 രൂപ സബ്സിഡിയും ബാക്കി 550 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയ്ക്കായി വികസന ഫണ്ടിൽ നിന്നും 654100 രൂപ പിൻവലിച്ചിട്ടുണ്ട്. 1178 ഗുണഭോക്താക്കൾക്ക് 550 രൂപ നിരക്കിൽ ആകെ സബ്സിഡി ഇനത്തിൽ ചെലവഴിക്കാൻ സാധിക്കുന്നത് 647900 രൂപയാണ്. 6200 രൂപ വികസന ഫണ്ടിൽ നിന്നും അധികമായി പിൻവലിക്കപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/31.08.2021), അധികമായി പിൻവലിച്ച തുക തിരികെ ഒടുക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി, വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1000518 | നെൽകൃഷി വികസനം | 1000518 | 0 |
| | 1500000 | നൂതന പദ്ധതി - കൊടുമൺ റൈസും എക്കോ ഷോപ്പും | 1500000 | 0 |
| | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| | 117000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 117000 | 0 |
| | 312566 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് -ലൈഫ് - പട്ടികജാതി | 312566 | 0 |
| | 1719767 | ലൈഫ് മിഷൻ | 0 | 1719767 |
| | 313526 | ഐക്കാട് 105 ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം | 313526 | 0 |
| | 357000 | കുരിയറ റോഡ് നിർമ്മാണം | 357000 | 0 |
| ജില്ലാ പഞ്ചായത്ത് | 248120 | നിലമേൽ അംഗൻവാടി കമ്മ്യൂണിറ്റി ഹാൾ വസ്തു വാങ്ങൽ | 248120 | 0 |
| | 100000 | ആശ്രയ പദ്ധതി - വീട് വാസയോഗ്യമാക്കൽ | 100000 | 0 |
| | 612566 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 412566 |
| | 415199 | പാലിയേറ്റിവ് കെയർ | 415199 | 0 |
| | 810635 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് - ലൈഫ് മിഷൻ - പട്ടികജാതി | 810635 | 0 |
| | 98492 | അംഗൻവാടി മുഖേന അനുപൂരക പോഷകാഹാരം | 98492 | 0 |

ലൈഫ് പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1719767രൂപയുടെ ജനറൽ, പട്ടികജാതി എന്നിങ്ങനെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കിയില്ല. ആയതിന്റെ വിവരം കൃത്യമാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (SCP) ( പാന്തർ ട്രാൻസ്ഫോർമർപ്പടി മുതൽ പാന്തർ സെറ്റിൽമെന്റ് കോളനി വരെയും പ്ലാമൂട് മുതൽ കല്ലുമുകൾ കോളനി വരെയും) | 970000 | 0 | 970000 |
| | കുടിവെള്ള പൈപ്പ് ലൈൻ | 1970000 | 0 | 1970000 |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കൽ(ജനറൽ) (പാലനിൽക്കുന്നതിൽപ്പടി - അമ്പലമുക്ക്, സിയോൺകുന്ന് ടാങ്ക്-പ്ലാന്റേഷൻപടി, തുണ്ടിയിൽപ്പടി - അംഗൻവാടി, ഇലവുമൂട്ടിൽപ്പടി - ചാവരുകണ്ടം) | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ വിവരം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ | GO(MS) 68/2018 Lsgd Dtd 18.05.2018 | 6400000 | 5605882 | 1083217 | 4522665 | തൻവർഷം SCP Source Deduction ആയി കുറവ് ചെയ്ത 468765/- രൂപ AFS ൽ അക്കൗണ്ട് ചെയ്തിട്ടില്ല |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | തുക അടച്ച ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2018-19 | 1-29, 1-31, 1-32 | 20226 | ദീപ്തി.എൽ അസിസ്റ്റന്റ് എഞ്ചിനീയർ | 120010102212/07.10.2020 |
| 2018-19 | 1-29, 1-31, 1-32 | 8098 | ദീപ്തി.എൽ അസിസ്റ്റന്റ് എഞ്ചിനീയർ | 120010102214/07.10.2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 31 | 2006-08 | 25 | പബ്ളിക് കംഫർട്ട് സ്റ്റേഷനിലെ ടാങ്ക് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |
| 1996-97 | 33 | 2006-08 | 25 | പൊന്നെടുത്താംകുഴി മേലേതിൽപ്പടി ചന്ദനപ്പള്ളി | അപാകത പരിഹരിച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | കുരിശുംമൂട്റോഡ് പുനരുദ്ധാരണം | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | 3-16 | 2005-06 | 3-16 | കുടുംബശ്രീ ചെലവുരേഖകൾ ഹാജരാക്കാത്തത് | റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട് |
| 2014-15 | 2-4 | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരിഹാരപത്രിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2-7 | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി പിരിവില അപാകതകൾ | |
| 2018-19 | 1-20 | 20019-20 | | എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ-പ്രോജക്റ്റ്അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല-ടെണ്ടർ ക്ഷണിക്കാതെ അമിതവില നൽകി ലൈറ്റുകൾ വാങ്ങി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 139634042 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111110709 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | എൽ.എഫ്.പിറ്റിഎ.പി.2/181/04 തീയതി 06.01.2005 | 2 |
| 1999- | എൽ.എഫ്.പിറ്റിഎ.പി.2/224/04 തീയതി | 5 |

| | | |
|---|---|---|
| 2000 | 03.02.2005 | |
| 2000-2001 | എൽ.എഫ്.പിറ്റിഎ.പി.2/535/04 തീയതി 03.03.2005/13.03.2005 | 12 |
| 2001-2002 | എൽ.എഫ്.പിറ്റിഎ.പി.2/550/04 തീയതി 03.03.2005 | 4 |
| 2002-2003 | എൽ.എഫ്.പിറ്റിഎ.പി.2/818/04 തീയതി 06.04.2005 | 4 |
| 2003-2004 | എൽ.എഫ്.പിറ്റിഎ.പി.2/272/05 തീയതി 24.01.2006 | 9 |
| 2004-2005 | എൽ.എഫ്.പിറ്റിഎ.പി.10/1137/07 തീയതി 06.12.2018 | 11 |
| 2005-2006 | എൽ.എഫ്.പിറ്റിഎ.പി.10/708/09 തീയതി 25.03.2010/15.07.2011 | 6 |
| 2006-2007 | എൽ.എഫ്.പിറ്റിഎ.പി.10/838/10 തീയതി 11.01.2013 | 10 |
| 2007-2008 | എൽ.എഫ്.പിറ്റിഎ.പി.10/766/011 തീയതി 15.01.2013 | 8 |
| 2008-2009 | എൽ.എഫ്.പിറ്റിഎ.പി.10/767/11 തീയതി 16.12.2011/17.01.2013 | 8 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎ.പി.10/505/13 തീയതി 17.12.2013/07.01.2014 | 11 |
| 2011-12 | എൽ.എഫ്.പിറ്റിഎ.പി.10/506/13 തീയതി 17.12.2013/18.01.2014 | 23 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി.10/1086/14 തീയതി 06.05.2015/08.05.2015 | 21 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി.10/456/15 തീയതി 07.07.2015/21.07.2015 | 22 |
| 2014-15 | കെ.എസ്സ്.എ.പിറ്റിഎ/പി10/745/16 തീയതി 16.07.2016 | 9 |
| 2015-16 | കെ.എസ്സ്.എ.പിറ്റിഎ/പി10/95/17 തീയതി 31.03.2018 | 23 |
| 2016-17 | കെ.എസ്സ്.എ.പിറ്റിഎ/പി10/984/17 തീയതി 14.09.2017 | 18 |
| 2017-18 | നം.കെ.എസ്.എ.പി10/1298(എ))/2018, തീയതിഃ 16.10.2018 | 4 |
| 2018-19 | നം.കെ.എസ്.എ.പി10/783/2019 തീ:10.10.2019 | 21 |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി10-603/2021 തീയതി 29.09.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കൊടുമണ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊടുമണ്‍ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വര്‍ഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നല്‍കിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തില്‍ അനുബന്ധം-1ല്‍ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങള്‍ ഈ റിപ്പോര്‍ട്ടില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടര്‍(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്